# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 02.03.2026**

### പ്രധാനവാർത്തകൾ

1. ഇറാൻ- ഇസ്രയേൽ സംഘർഷ പശ്ചാത്തലത്തിൽ യുഎഇ, സൗദി അറേബ്യ, ഇസ്രായേൽ, ഖത്തർ എന്നിവിടങ്ങളിലേക്കും തിരിച്ചുമുള്ള എല്ലാ വിമാനങ്ങളും റദ്ദാക്കി എയർ ഇന്ത്യ.

2. പശ്ചിമേഷ്യൻ സംഘർഷം കണക്കിലെടുത്ത് ഗൾഫ് മേഖലയിലെ എസ്എസ്എൽസി, പ്ലസ് ടു പരീക്ഷകൾ മാറ്റി. പുതുക്കിയ പരീക്ഷാ തീയതി പിന്നീട് അറിയിക്കും.

3. അധ്യാപകരുടെ സേവന വേതന വ്യവസ്ഥകൾ മെച്ചപ്പെടുത്തുന്നതിനും അർഹമായ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനും സർക്കാർ പ്രതിജ്ഞാബദ്ധമെന്ന് മന്ത്രി വി ശിവൻകുട്ടി.

4. കേര പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം മന്ത്രി പി. രാജീവ് ഇന്ന് ആലപ്പുഴയിൽ നിർവഹിക്കും.

5. പ്രസിദ്ധമായ ആറ്റുകാൽ പൊങ്കാല നാളെ. ഇന്ന് ഉച്ച മുതൽ ഗതാഗത നിയന്ത്രണം.

6. ട്വന്റി-20 ലോകകപ്പിൽ സെമിയിൽ കടന്ന് ഇന്ത്യ. വ്യാഴാഴ്ച ഇന്ത്യ ഇംഗ്ളണ്ട് പോരാട്ടം.

*************************************

RNU TVPM

## എയർ ഇന്ത്യ റദ്ദാക്കി

പശ്ചിമേഷ്യയിലെ നിലവിലെ സാഹചര്യം കണക്കിലെടുത്ത് ഇന്ന് യുഎഇ, സൗദി അറേബ്യ, ഇസ്രായേൽ, ഖത്തർ എന്നിവിടങ്ങളിലേക്കും തിരിച്ചുമുള്ള എല്ലാ വിമാനങ്ങളും എയർ ഇന്ത്യ റദ്ദാക്കി. യൂറോപ്പിലേക്ക് ഇന്ന് ഷെഡ്യൂൾ ചെയ്തിട്ടുള്ള ചില വിമാനങ്ങളും റദ്ദാക്കിയിട്ടുണ്ട്. അതേസമയം ഇറാനെതിരെ ഉണ്ടായ ഇസ്രായേൽ-യുഎസ് ആക്രമണങ്ങളെത്തുടർന്ന് ഇന്ത്യയിലും അക്രമങ്ങൾക്ക് സാധ്യതയുണ്ടെന്ന് കേന്ദ്രം സംസ്ഥാനങ്ങൾക്ക് മുന്നറിയിപ്പ് നൽകി. പ്രകോപനപരമായ പ്രസംഗങ്ങൾ ഉൾപ്പടെ നടത്തുന്ന ഇറാൻ അനുകൂലികളെ തിരിച്ചറിയാൻ ആവശ്യപ്പെട്ട് കേന്ദ്ര ആഭ്യന്തര മന്ത്രാലയം എല്ലാ സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണ പ്രദേശങ്ങൾക്കും കത്ത് അയച്ചതായാണ് റിപ്പോർട്ട്.

**************************************

## തിരുവനന്തപുരം വിമാനത്താവളം

പശ്ചിമേഷ്യയിൽ തുടരുന്ന ആശങ്കകൾക്കിടെ തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിൽ നിന്ന് ഗൾഫ് മേഖലയിലേക്ക് പുറപ്പെടേണ്ട നിരവധി വിമാനങ്ങൾ റദ്ദാക്കി. തിരുവനന്തപുരത്തേക്ക് എത്തേണ്ട വിമാനങ്ങളും റദ്ദ് ചെയ്തിട്ടുണ്ട്. ഇത് വരെ ആകെ 65 വിമാനങ്ങളാണ് റദ്ദാക്കിയത്. ഇന്ന് 20 വിമാനങ്ങളും റദ്ദാക്കി.

**************************************

## നോർക്ക റൂട്ട്സ്

നോർക്ക റൂട്ട്സിൻറെ ഹെൽപ്പ് ഡെസ്ക് സഹായത്തിനായി +91- 880 201 2345 എന്ന നമ്പറിൽ ബന്ധപ്പെടാം. ഇന്ത്യയിൽ നിന്നും 1800 425 3939 എന്ന ടോൾ ഫ്രീ നമ്പറിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്.

RNU TVPM

ഡൽഹി കേരള ഹൗസിലും കൺട്രോൾ റൂം തുറന്നിട്ടുണ്ട്.നോർക്കാ റൂട്ട്സിന്റെ ഹെൽപ് ലൈൻ നമ്പറിൽ ഇന്നലെ ആറു മണി വരെ ആകെ 541 കോളുകളാണ് ലഭിച്ചത്. വിദേശത്തുനിന്നും 188 പേരും രാജ്യത്തിനുള്ളിൽ നിന്നും 353 പേരും ഹെൽപ്ഡെസ്കിൽ ബന്ധപ്പെട്ടു.

***************************************

## യു എ ഇ - എംബസി

ടെഹ്റാനിലെ എംബസി അടച്ചുപൂട്ടിയതായും അംബാസഡറേയും അംഗങ്ങളേയും തിരിച്ചു വിളിച്ചതായും യു.എ.ഇ അറിയിച്ചു. ഇറാൻ മിസൈൽ ആക്രമണം തുടരുന്ന പശ്ചാത്തലത്തിലാണ് നടപടി. യു.എ.ഇയേയും ഒമാനേയും ലക്ഷ്യമിട്ടുള്ള ആക്രമണങ്ങളെ ശക്തമായി അപലപിക്കുന്നതായും പൗരാവകാശങ്ങളുടെ ലംഘനമാണ് നടക്കുന്നതെന്നും യു.എ.ഇ അഭിപ്രായപ്പെട്ടു.

RNU TVPM

***************************************

## മന്ത്രി ശിവൻകുട്ടി (ഇൻട്രോ)

പശ്ചിമേഷ്യയിലെ നിലവിലെ സാഹചര്യം കണക്കിലെടുത്ത് ഗൾഫ് മേഖലയിൽ എസ്.എസ്.എൽ.സി ഈ മാസം 5 ലെ പരീക്ഷയും ഹയർ സെക്കന്ററി ഈ മാസം 5, 6, 7 തീയതികളിലെ പരീക്ഷയും മാറ്റി വെയ്ക്കാൻ തീരുമാനിച്ചതായി മന്ത്രി വി ശിവൻകുട്ടി. പുതുക്കിയ തീയതി പിന്നീട് അറിയിക്കുമെന്നും അദ്ദേഹം തിരുവനന്തപുരത്ത് വാർത്താ സമ്മേളനത്തിൽ അറിയിച്ചു.

(വോയ്സ്)

***************************************

## മന്ത്രി ശിവൻകുട്ടി-ഉപരിപഠനം

എസ് എസ് എൽ സി പരീക്ഷയിൽ യോഗ്യത നേടിയ എല്ലാവർക്കും ഉപരി പഠന സാധ്യത ഉറപ്പാക്കുമെന്നും മന്ത്രി പറഞ്ഞു. ഈ വർഷത്തെ എസ്.എസ്.എൽ.സി പരീക്ഷയ്ക്ക് കേരളത്തിൽ 3031 പരീക്ഷാകേന്ദ്രങ്ങളിലായി നാല് ലക്ഷത്തി പതിനേഴായിരത്തി നാനൂറ്റി തൊണ്ണൂറ്റി ഏഴ് കുട്ടികളും, ഗൾഫ്മേഖലയിൽ ഏഴ് പരീക്ഷാകേന്ദ്രങ്ങളിലായി അറുനൂറ്റി മുപ്പത്തിമൂന്ന് കുട്ടികളും, ലക്ഷദ്വീപിൽ ഒമ്പത് പരീക്ഷാ കേന്ദ്രങ്ങളിലായി മുന്നൂറ്റി എൺപത്തിയാറ് കുട്ടികളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. എസ്.എസ്.എൽ.സി പരീക്ഷയ്ക്ക് ആവശ്യമായ ചീഫ്സൂപ്രണ്ട്, ഡെപ്യൂട്ടി ചീഫ്സൂപ്രണ്ട് എന്നിവരുടെ നിയമനം പൂർത്തീകരിച്ചിട്ടുണ്ട്. മൂല്യനിർണ്ണയവുമായി ബന്ധപ്പെട്ട് തൊള്ളായിരത്തി അമ്പത് അഡീഷണൽ ചീഫ് എക്സാമിനർമാരെയും ഒമ്പതിനായിരം എക്സാമിനർമാരെയും 72 ക്യാമ്പുകളിലായി നിയമിക്കുന്നതിനായി ഇതിനോടകം തന്നെ അപേക്ഷകൾ സ്വീകരിച്ചിട്ടുണ്ടെന്നും ശ്രീ ശിവൻകുട്ടി അറിയിച്ചു.

RNU TVPM

***********************************

## കെ.ടെറ്റ് - ശിവൻകുട്ടി

അധ്യാപകരുടെ സേവന വേതന വ്യവസ്ഥകൾ മെച്ചപ്പെടുത്തുന്നതിനും നിയമപരമായ തടസ്സങ്ങൾ നീക്കി അർഹമായ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനും സർക്കാർ പ്രതിജ്ഞാബദ്ധമാണെന്നും മന്ത്രി വി ശിവൻകുട്ടി പറഞ്ഞു. നിശ്ചിത കെ-ടെറ്റ് യോഗ്യതയില്ല എന്ന കാരണത്താൽ തടഞ്ഞുവെച്ച വേതനം, ഓരോ കേസും പ്രത്യേകം പരിശോധിച്ച് നൽകുന്നതിന് അനുമതി നൽകിയതായും മന്ത്രി അറിയിച്ചു.

***********************************

## കേര പദ്ധതി

സംസ്ഥാന കൃഷി വകുപ്പ് നടപ്പിലാക്കുന്ന കേരള കാലാവസ്ഥാ അതിജീവന കാർഷിക മൂല്യ വർദ്ധക വിപണന ശൃംഖല നവീകരണപദ്ധതിയുടെ സംസ്ഥാന തല ഉദ്ഘാടനം ഇന്ന് നടക്കും. ആലപ്പുഴ ചേർത്തലയിൽ നടക്കുന്ന ചടങ്ങിൽ മന്ത്രി പി. രാജീവ് ഉദ്ഘാടനം നിർവഹിക്കും. മന്ത്രി പി.പ്രസാദ് അധ്യക്ഷത വഹിക്കും. കേര എന്ന പേരിൽ ആരംഭിക്കുന്ന പദ്ധതി 2,595 കോടി രൂപ ചെലവിൽ ലോക ബാങ്ക് സഹായത്തോടെയാണ് നടപ്പാക്കുന്നത്.

**************************************

## ജാമ്യാപേക്ഷ തള്ളി

ശബരിമല സ്വർണ്ണഅപഹരണ കേസിൽ ദേവസ്വം ബോർഡ് മുൻ അംഗം കെ.പി ശങ്കരദാസിൻ്റെ രണ്ട് കേസുകളിലെയും ജാമ്യാപേക്ഷ തള്ളി കൊല്ലം വിജിലൻസ് കോടതി ഉത്തരവായി. ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ ഉണ്ടെന്ന്കാട്ടി ശങ്കരദാസ് നൽകിയ ഹർജികളാണ് വിധി. അറസ്റ്റിലായി 90 ദിവസം പൂർത്തിയാകുമ്പോൾ പ്രത്യേക അന്വേഷണ സംഘം കുറ്റപത്രം സമർപ്പിച്ചിട്ടില്ലെങ്കിൽ ശങ്കരദാസിന് നിയമപരമായ സ്വാഭാവിക ജാമ്യം ലഭിച്ചേക്കും.

RNU TVPM

**************************************

## ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്....

ബ്രേക്ക്

**************************************

## ആറ്റുകാൽ (ഇൻട്രോ)

ലോക പ്രശസ്തമായ ആറ്റുകാൽ പൊങ്കാല നാളെ. പൊങ്കാലയോടനുബന്ധിച്ച് പൊലീസ് കനത്ത സുരക്ഷയാണ് തിരുവനന്തപുരം നഗരത്തിൽ ഒരുക്കിയിരിക്കുന്നത്.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട്..**

(വോയ്സ് )

ആറ്റുകാൽ പൊങ്കാലയോടനുബന്ധിച്ച് തിരുവനന്തപുരം സെൻട്രൽ റെയിൽവേ സ്റ്റേഷനിൽ പ്രത്യേക ക്രമീകരണങ്ങൾ ഏർപ്പെടുത്തി. സുരക്ഷാ ക്രമീകരണങ്ങളുടെ ഭാഗമായി 24 മണിക്കൂറും നിരീക്ഷണ ക്യാമറ പ്രവർത്തിക്കുന്നുണ്ട്. നിലവിലുള്ള 900 പൊലീസ് ഉദ്യോഗസ്ഥരെ കൂടാതെ ഇന്നും നാളെയും 4,500 പോലിസുകാർ കൂടി പ്രത്യേക സുരക്ഷയ്ക്കായി എത്തും. ഇന്ന് ഉച്ച മുതൽ പൊങ്കാല ചടങ്ങുകൾ അവസാനിക്കും വരെ നഗരത്തിൽ ഗതാഗത നിയന്ത്രണം ഉണ്ടാകും. പൊങ്കാല ദിവസം 10 പോയിന്റുകളിൽ മെഡിക്കൽ ടീമും ആംബുലൻസുകളും സജ്ജമാക്കിയിട്ടുണ്ട്.

BINU TVPM

**************************************

## ജലവിതരണം

ആറ്റുകാൽ പൊങ്കാലയോടനുബന്ധിച്ച് ജലവിതരണത്തിൽ ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി തിരുവനന്തപുരം മധുപാലം, നെല്ലിയോട്, തിരുവഴിമുക്ക്, തമ്പുരാൻ മുക്ക് മേനിലം, പുഞ്ചക്കരി, തുടങ്ങിയ പ്രദേശങ്ങളിൽ ഇന്ന് ഭാഗികമായും നാളെ പൂർണമായും ജലവിതരണം തടസ്സപ്പെടും. ഉപഭോക്താക്കൾ മുൻകരുതലുകൾ സ്വീകരിക്കണമെന്ന് വാട്ടർ അതോറിറ്റി അറിയിച്ചു.

*************************************

## മാഹി - മത്സ്യബന്ധന തുറമുഖം (ഇൻട്രോ)

പതുച്ചേരി സംസ്ഥാനത്തിൻറെ ഭാഗമായ മാഹിയിലെ മത്സ്യബന്ധന തുറമുഖം പുനർ നിർമ്മിക്കുന്നതിനുള്ള നടപടികൾ ഊർജ്ജിതമാക്കി. കേരള ഹാർബർ എൻജിനീയറിങ് വകുപ്പ് തയ്യാറാക്കിയ 67 കോടി രൂപയുടെ വിശദ പദ്ധതി രേഖ ആണ് നേരത്തെ കേന്ദ്ര സർക്കാരിന് സമർപ്പിച്ചത്. **വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ. ശശിധരൻ**

(വോയ്സ് )

*************************************

## ട്വൻറി - 20

ട്വൻറി - 20 ലോകകപ്പിലെ സൂപ്പർ 8 മൽസരത്തിൽ വെസ്റ്റിൻഡീസിനെ പരാജയപ്പെടുത്തി ഇന്ത്യ സെമിയിൽ കടന്നു. സഞ്ജു സാംസൺ പുറത്താവാതെ നേടിയ 97 റൺസിൻറെ പിൻബലത്തിലാണ് ഇന്ത്യ വിജയകിരീടം ചൂടിയത്. വ്യാഴാഴ്ച ഇന്ത്യ ഇംഗ്ളണ്ടിനെ നേരിടും. ഈ മാസം എട്ടിനാണ് ഫൈനൽ.

*************************************

## തീവ്ര വോട്ടർ പട്ടിക

കേരളത്തിൽ, ഈ വർഷം ജനുവരി ഒന്നിന് 18 വയസ്സ് പൂർത്തിയായിട്ടും, തീവ്ര വോട്ടർ പട്ടിക പരിഷ്കരണ സമയത്ത് പേരു ചേർക്കാൻ സാധിക്കാത്തവർക്ക് പട്ടികയിൽ പേര് ചേർക്കാൻ അവസരം. voters.eci.gov.in എന്ന വെബ്സൈറ്റിലൂടേയോ, ECINET മൊബൈൽ ആപ്പ് വഴിയോ, ബൂത്തുതല ഓഫീസർ വഴിയോ

RNU TVPM

അപേക്ഷിക്കാം. നാമനിർദ്ദേശപത്രിക സമർപ്പിക്കാനുള്ള അവസാന തീയതി വരെയാണ് പേര് ചേർക്കാൻ അവസരമുള്ളത്.

*********************************************

## ഗ്ലോബൽ മാർക്കറ്റ്

പശ്ചിമേഷ്യൻ സംഘർഷത്തിന് പിന്നാലെ ആഗോള വിപണികളിൽ പ്രതിസന്ധി. ഇന്ത്യൻ ഓഹരി വിപണികളിൽ വൻ ഇടിവ് രേഖപ്പെടുത്തി. സെൻസെക്സ് 1,490 പോയിന്റ് നഷ്ടത്തിൽ 79,797 ലും നിഫ്റ്റി 451 പോയിന്റ് ഇടിഞ്ഞ് 24,727 ലും വ്യാപാരം തുടരുന്നു. വ്യോമാതിർത്തികൾ അടച്ചതോടെ എയർലൈൻ ഓഹരികൾ നഷ്ടത്തിലായി. ആഗോള എണ്ണവിലയും കുതിച്ചുയർന്നു. ഇന്ത്യ ഉൾപ്പടെയുള്ള രാജ്യങ്ങൾ ഉപയോഗിക്കുന്ന ബ്രെന്റ് ക്രൂഡ് ഓയിൽ വില ബാരലിന് ഏകദേശം 9 ശതമാനം ഉയർന്ന് 80 ഡോളറോളമായി.

RNU TVPM

*********************************************

## സ്വർണം

സ്വർണ വില കുറഞ്ഞു. പവന് 2400 രൂപ കുറഞ്ഞ് ഒരു ലക്ഷത്തി 24,520 രൂപയും ഗ്രാമിന് 15,565 രൂപയുമാണ് ഇന്നത്തെ വില.

*********************************************

## സണ്ണി ജോസഫ്

മനുഷ്യരാശിയുടെ സമാധാനത്തിനായി ജില്ലാ കോൺഗ്രസ് കമ്മിറ്റികളുടെ നേതൃത്വത്തിൽ വൈകിട്ട് ജില്ലാ ആസ്ഥാനങ്ങളിൽ മെഴുകുതിരി തെളിയിച്ച് സമാധാന സംഗമ സദസ്സ് സംഘടിപ്പിക്കുമെന്ന് KPCC പ്രസിഡണ്ട് സണ്ണി ജോസഫ് അറിയിച്ചു. പശ്ചിമേഷ്യൻ യുദ്ധ ഭീതിയിൽ ലോകസമാധാനത്തിനു വേണ്ടി പ്രാർത്ഥിക്കാൻ KCBC പ്രസിഡന്റ് വർഗീസ് ചക്കാലക്കൽ മെത്രാപ്പൊലീത്ത ജനങ്ങളെ ആഹ്വാനം ചെയ്തു. ആയിരങ്ങൾ

ദുരിതമനുഭവിക്കുന്ന സാഹചര്യത്തിൽ നീതിപുലരാനും, ദുരിതമനുഭവിക്കുന്നവർക്ക് ആശ്വാസമേകാനും ദേവാലയങ്ങളിൽ പ്രത്യേക പ്രാർത്ഥനാ ശുശ്രൂഷ നടത്തണമെന്ന് അദ്ദേഹം കോഴിക്കോട്ട് പറഞ്ഞു.

*********************************************************************************

*************************************

RNU TVPM